MR. ABDUL AZIZ : ബാറിൽനിന്നും നേരിട്ടു നിയമനം നടത്തുന്നതിനേയും വക്കീലന്മാരുടെ ഇടയിൽനിന്നും നിയമനം നടത്തുന്നതിനേയും സംബന്ധിച്ചു് വല്ല നിയമവും പ്രത്യേകിച്ചുണ്ടോ?

HON'BLE MR. A. J. JOHN : ഈ കാര്യങ്ങളെപ്പറ്റി ഞാൻ മുൻപു പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണു്.

## എക്സൈസ് ഗാർഡ

*126. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) പബ്ലിക്കു് സർവീസ് കമ്മീഷണർ തിരഞ്ഞെടുക്കയും എക്സൈസ് ഡിപ്പാർട്ടുമെൻറിൽ എക്സൈസ് ഗാർഡായി നിയമിക്കുകയും ചെയ്ത തിരുവല്ലാ താലൂക്കിൽ എഴുമറ്റൂർ പകുതിയിൽപ്പെട്ട അവശസമുദായാംഗമായ സി. കെ. കിട്ടൻ എന്നയാളെ കാൽ ഇഞ്ചു നീളം കുറവുണ്ടെന്നുള്ള ആരോപണത്താൽ പിരിച്ചുവിട്ടതു് ഗവണ്മെൻറിനറിയാമോ?

(ബി) അതേപ്പറ്റി പരാതികൾ ഗവണ്മെൻറിലേക്കു ലഭിച്ചിട്ടുണ്ടോ?

(സി) എന്തു നടപടി സ്വീകരിച്ചു?

HON'BLE MR. E. K. MADHAVAN : (എ) നീളം കുറവായിരുന്നതുകൊണ്ടു്.

(ബി) ഉണ്ടു്.

(സി) വേണ്ട അന്വേഷണങ്ങൾ നടത്തിയതിൽ ഡിപ്പാർട്ടുമെൻറിലേക്കാവശ്യമുള്ള പൊക്കം ഇല്ലെന്നു കണ്ടതിനാൽ ഹർജി തള്ളിത്തീരുമാനിച്ചു.

MR. K. A. MATHEW: പബ്ലിക്കു സർവീസ് കമ്മീഷണർ എടുക്കുകയും എന്നാൽ കാൽ ഇഞ്ചു് നീളം കുറവാണെന്നുള്ള കാരണത്താൽ എക്സൈസ കമ്മീഷണർ പിരിച്ചു വിടുകയുമാണുണ്ടായതെന്നു അറിയാമോ?

HON'BLE MR. E. K. MADHAVAN : എക്സൈസ് കമ്മീഷ്ണരുടെ അടുത്തു ചെന്നപ്പോൾ അദ്ദേഹം അയാളെ അളന്നു നോക്കുകയും ആവശ്യമുള്ള പൊക്കം ഇല്ലെന്നു കാണുകയും ചെയ്തതുകൊണ്ടാണു പിരിച്ചുവിട്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MATHEW: എക്സൈസ് കമ്മീഷ്ണർ ഇയാളെ പിരിച്ചു വിട്ടതു് അനീതിയാണെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ലേ?

HON'BLE MR. E. K. MADHAVAN: പൊക്കം കുറവായതുകൊണ്ടു പിരിച്ചു വിട്ടതിനാൽ, അതു് അനീതിയാണെന്നു വിചാരിക്കാൻ നിവൃത്തിയില്ല.

MR. K. A. MATHEW: ഗവണ്മെൻറിനു് ഇതു തെറ്റാണെന്നു ബോദ്ധ്യം വന്നാൽ അതിലേക്കു വേണ്ട നടപടി കൈയ്കൊള്ളുമോ?

HON'BLE MR. E. K. MADHAVAN: നിശ്ചയമായിട്ടും.

MR. ABDUL AZIZ: ആദ്യം അളക്കുമ്പോൾ നീളം ഉണ്ടായിരിക്കുകയും പിന്നീടു് കുറഞ്ഞുപോകുകയും ചെയ്താൽ എടുത്ത ആളിനെ പിരിച്ചു വിടുമോ?

HON'BLE MR. E. K. MADHAVAN: അങ്ങനെ ഒരു സംഭവം ഉണ്ടാകയില്ല.

MR. ABDUL AZIZ: ഇതിനെപ്പറ്റി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?

HON'BLE MR. E. K. MADHAVAN: നല്ലതുപോലെ അന്വേഷണം നടത്തിയിട്ടുണ്ടു്.

MR. P. K. KRISHNAN SASTRI: പബ്ലിക്കു് സർവീസ് കമ്മീഷണർ നിയമിക്കുന്ന ഒരാളിനെ ഒരു ഡിപ്പാർട്ടുമെൻറദ്ധ്യക്ഷൻ പിരിച്ചു വിടുന്നതു് ന്യായമാണോ?

HON'BLE MR. E. K. MADHAVAN: എക്സൈസ് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം സർവീസ് കമ്മീഷണർ ആളെടുത്തയച്ചാലും അവിടെ ചെന്നു് ഡാക്ടർ സർട്ടിഫൈ ചെയ്തെങ്കിലേ നിയമനം സാധുവാകയുള്ളൂ.

MR. T. A ABDULLA: കാൽ ഇഞ്ചു് പൊക്കം കുറവിനെ എക്സംപ്റ്റു ചെയ്തു ഇയാളെ ഉദ്യോഗത്തിൽ പ്രവേശിപ്പിച്ചു കൂടെ?

HON'BLE MR. E. K. MADHAVAN: ആ കാര്യം ആലോചിച്ചു ചെയ്യാനുള്ളതാണു്.

MR. K. A. MATHEW: ഗവണ്മെൻറിനെറ ദയവുണ്ടായി സൗജന്യബുദ്ധ്യാ ഈ മനുഷ്യനെ സർവീസിൽ പ്രവേശിപ്പിക്കുമോ?

HON'BLE MR. E. K. MADHAVAN: അതിനെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

MR. P. BALAKRISHNAN TAMPI : May I point out to the Government that there are hundreds of other cases of men not found fit by the appointing authorities, that the appointment is made by the Public Service Commissioner subject to his satisfying the departmental requirements, that there are hundredsof such cases which have come to the knowledge of many honourable members of this House and that this is not an isolated case? All such cases may be considered by Government.

MR. PONNARA G. SREEDHAR : സി. കെ. കിട്ടൻ എന്ന ആളിനു പൊക്കവും വണ്ണവും ആവശ്യമില്ലാത്ത ഒരു ഡിപ്പാർട്ടുമെൻറിൽ എന്തെങ്കിലും ഉദ്യോഗംകൊടുത്തുകൂടെ?

HON'BLE MR. E. K. MADHAVAN: അതും ആലോചനാവിഷയമാക്കാവുന്നതാണ്.

MR. PONNARA G. SREEDHAR : ഇപ്പോൾ അയാളെ ഒന്നുകൂടി അളന്നു നോക്കുമോ?

HON'BLE MR. E. K. MADHAVAN: ആദ്യം അളന്നു നോക്കിയതുകൊണ്ട് ഒന്നുകൂടെ അളന്നു നോക്കേണ്ട ആവശ്യമില്ല.

MR. K. A. GANGADHARA MENON : പബ്ലിക്ക് സർവീസ് കമ്മീഷണർ നിയമനം നടത്തുകയാണോ അതോ ശുപാർശചെയ്യുകയാണോ?

HON'BLE MR. E. K. MADHAVAN : ശുപാർശ ചെയ്കയാണ്.

MR. K. A. GANGADHARA MENON : ആവശ്യമുള്ള പൊക്കവും വണ്ണവും ഉണ്ടോ എന്നു നോക്കുന്നത് നിയമനം നടത്തുന്ന ഉദ്യോഗസ്ഥനല്ലേ?

HON'BLE MR. E. K. MADHAVAN: അതെ.

MR. P. S. MUHAMMED: ഉദ്യോഗം കൊടുക്കാനുള്ള അധികാരം ഡിപ്പാർട്ടുമെൻറധ്യക്ഷന്മാർക്കുണ്ടോ?

MR. T. A. ABDULLA : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ ചോദ്യത്തിനുത്തരം പറയേണ്ടത് എക്സൈസ് മന്ത്രിയാണോ, അതോ പബ്ലിക്ക് സർവീസ് മന്ത്രിയാണോ എന്ന് അറിഞ്ഞാൽ കൊള്ളാം.

MR. P. S. MUHAMMED : Answer is not given to my question.

MR. PRESIDENT : That does not deserve answer.

## ദേശീയ വിദ്യാഭ്യാസം.

*127 MR. P. C. ADICHAN (*Kunnathur II—Kurava*): താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly